**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **07-12-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണവും സുരക്ഷാ നടപടികളും ആവാസവ്യവസ്ഥാ പഠനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികൾ ജനവാസ മേഖലകളിലേക്ക് കടന്ന് മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്നതും കൃഷിനാശം സൃഷ്ടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജനവാസ മേഖലകളിലേക്ക് വന്യജീവികൾ കടന്ന് മനുഷ്യരെയും വളർത്തു മൃഗങ്ങളെയും ആക്രമിക്കുന്ന സംഭവങ്ങളും വന്യമൃഗങ്ങൾമൂലം കൃഷി നാശം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെൻട്രൽ സർക്കിളിലെ തൃശ്ശൂർ, ചാലക്കുടി ഡിവിഷനു കീഴിലുള്ള വനമേഖലയോടുചേർന്ന പ്രദേശങ്ങളിലും, വാഴച്ചാൽ ഡിവിഷനിലെ ആതിരപ്പിള്ളി റെയിഞ്ചിനു കീഴിലുള്ള അയ്യമ്പുഴ, മുക്കന്നൂർ, കറുകുറ്റി എന്നീ പ്രദേശങ്ങളിലും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ തേക്കടി റെയിഞ്ചിലെ സ്പ്രിംഗ് വാലി, മ്ലല്ലയാർ പ്രദേശങ്ങളിലും വള്ളക്കടവ് റെയിഞ്ചിലെ തൊണ്ടിയാർ സെക്ഷനിലും, ഇടുക്കി വന്യജീവി സങ്കേതത്തിലെ പുന്നപ്പാറ, കല്ലേക്കുളം, മേമാരി, കണ്ണംപടി മേഖലകളിലും തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ഉരുളൻതണ്ണി, സത്രപ്പടി, പുറമല, ഞായപ്പള്ളി എന്നീ സ്ഥലങ്ങളിലും വന്യമൃഗങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം സതേൺ സർക്കിളിനു കീഴിലുള്ള റാന്നി, കോന്നി, തെൻമല, അച്ചൻകോവിൽ, പുനലൂർ, തിരുവനന്തപുരം എന്നീ ഡിവിഷൻ പരിധിയിലുള്ള വനത്തോടുചേർന്ന പ്രദേശങ്ങളിലും വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടന്ന് മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്നതും, കൃഷിനാശം വരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈറെയിഞ്ച് സർക്കിളിനു കീഴിലുള്ള നേര്യമംഗലം, മൂന്നാർ, എരുമേലി റെയിഞ്ചുകളിലും, നോർത്തേൺ സർക്കിളിനു കീഴിലുള്ള തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർഗോഡ്, ബേഡൂർ, ചെതലയം, മേപ്പാടി, പേരിയ, കുറ്റിയാടി, പെരുവണ്ണാമൂഴി, താമരശേരി |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പ്രദേശങ്ങളിലും പാലക്കാട് ഈസ്റ്റേൺ സർക്കിളിനു കീഴിൽ പാലക്കാട് ഡിവിഷനിലെ മുണ്ടൂർ, കൊട്ടേക്കാട്, പുതുശേരി, നെൻമാറ ഡിവിഷനു കീഴിലുള്ള കൊല്ലങ്കോട്, തിരുവാഴിയോട്, മണ്ണാർക്കാട് ഡിവിഷനു കീഴിലുള്ള ഷോളയൂർ, പുത്തൂർ, ഒമ്മല, തിരുവിഴാംകുന്ന്, നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുവാരക്കുണ്ട്, നിലമ്പൂർ നോർത്ത് ഡിവിഷനിലെ പോത്തുകല്ല്, അകമ്പാടം, വഴിക്കടവ് തുടങ്ങിയ പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വനമേഖലയോട് ചേർന്നുള്ള ജനവാസ മേഖലയിൽ ജനങ്ങൾ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ കേരളത്തിന്റെ വനമേഖലയിലെ ആവാസവ്യവസ്ഥയിലുണ്ടായ മാറ്റം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തി വരുന്നുണ്ട്. |
| (സി) | വനാന്തർഭാഗത്തുനിന്നും ജനവാസമേഖലയിലേക്ക് വന്യജീവികൾ കടക്കുന്നത് നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇതിനായി ആധുനിക സാങ്കേതികവിദ്യകൾ എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വിശദമാക്കുമോ; | (സി) | വനാന്തർഭാഗത്തുനിന്നും ജനവാസ മേഖലകളിലേക്ക് വന്യജീവികൾ കടക്കുന്നത് നിരീക്ഷിക്കുന്നതിന് ജി.പി.എസ്, ക്യാമറാ ട്രാപ്പ്, നിരീക്ഷണ ക്യാമറകൾ, ഡിജിറ്റൽ (സെൻസർ) വാൾ, ഡ്രോണുകൾ, എസ്.എം.എസ്. അലർട്ട് സിസ്റ്റം, റിയൽ ടൈം മോണിറ്ററിംഗ് സംവിധാനം എന്നീ സാങ്കേതിക വിദ്യകളും, ഉപയോഗപ്പെടുത്തുന്നുണ്ട്. ഇടുക്കി വന്യജീവി സങ്കേതത്തിലെ കീഴുക്കാനം സെക്ഷനിലും തട്ടേക്കാട് പക്ഷി സങ്കേതത്തിലും കാട്ടാനയുടെ കടന്നു വരവ് കൂടുതലുള്ള അതിർത്തി പ്രദേശങ്ങളിലും ശബ്ദവും വെളിച്ചവും ഉണ്ടാക്കി ആനകളെ തിരികെ കാട്ടിലേക്ക് വിടുന്നതിനുള്ള ANIDERS മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | വന്യജീവി ആക്രമണങ്ങൾ നിരന്തരമായി ഉണ്ടാകുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ മേഖലകളിൽ പ്രത്യേകമായി എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | വന്യജീവി ആക്രമണം നിരന്തരമായി ഉണ്ടാകുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ഹാങിംഗ് ഫെൻസ്, എലിഫന്റ് പ്രൂഫ് ട്രെഞ്ച്, സോളാർ ഫെൻസ്, ആന മതിൽ എന്നീ സുരക്ഷാ സംവിധാനങ്ങളും പരിശീലനം ലഭിച്ച വാച്ചർമാരുടെ സേവനവും, ആർ.ആർ.റ്റികളുടെ സേവനവും ഉപയോഗിച്ചു വരുന്നു. കൂടാതെ, മുന്നറിയിപ്പ് ബോർഡുകൾ മുഖേനയും സുരക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി പ്രദേശങ്ങളിൽ വന സംരക്ഷണ സമിതികളും, ജന ജാഗ്രതാ സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുമുണ്ട്. സതേൺ സർക്കിളിനു കീഴിൽ വന്യജീവി ആക്രമണങ്ങൾ നിരന്തരമായി ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | മേഖലകളെ കണ്ടെത്തി അവയെ ഹോട്ട്സ്പോട്ട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി രാത്രിയും പകലും പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ